(സി) എം.എൽ.എ. ഹോസ്റ്റലിന് സമീപം അണ്ടർപാസിന് മേൽപ്പാലം നിർമ്മിച്ചാൽ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ അതിനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) M.G. റോഡ് 6 വരിയാക്കുന്ന പണി തീരുന്നതോടെ പാളയത്തെ ഗതാഗത കുരുക്കും കാൽനട യാത്രക്കാർക്കുള്ള ബുദ്ധിമുട്ടും ഇല്ലാതാകും.

(സി) M.G. റോഡ് 6 വരിയാകുമ്പോൾ V.J.T. ചുറ്റിവരുന്ന വാഹനങ്ങളുടെ എണ്ണം വളരെ കുറയും. ആയതിനാൽ അടിപ്പാതയുടെ മുകളിൽ ഒരു പാലത്തിന്റെ ആവശ്യം വരുന്നില്ല. ഈ പദ്ധതി പ്രകാരം 36 ജംഗ്ഷനുകളിൽ സിഗ്നൽ സിസ്റ്റം സ്ഥാപിക്കുന്നതിനാൽ കാൽനട യാത്രക്കാർക്ക് കൂടുതൽ സൗകര്യം ലഭിക്കും.

അമ്പലമുക്ക്-മുട്ടട റോഡിന്റെ പുനരുദ്ധാരണം

110 [1232] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് നിയന്ത്രണത്തിലുള്ള തിരുവനന്തപുരം നഗരത്തിലെ അമ്പലമുക്ക്-മുട്ടട റോഡിൽ 2001 മേയ് മാസത്തിന് ശേഷം എത്ര തവണ പുനരുദ്ധാരണം, നവീകരണം, അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഈ കാലയളവിൽ ഇതിലേക്കായി പൊതുമരാമത്ത് വകുപ്പിൽ നിന്നും എത്ര തുക വിനിയോഗിച്ചു ;

(സി) അമ്പലമുക്ക്-മുട്ടട റോഡിന്റെ ഗുരുതരമായ തകർച്ചയും വൈകല്യവും സ്ഥിരമായി ആവർത്തിക്കുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ ;

(ഡി) ഈ റോഡിന്റെ ആധുനികവത്ക്കരണം സത്വരമായി ആരംഭിക്കുവാൻ നിർദ്ദേശിക്കുമോ ?

ഉത്തരം

(എ) ആറ് തവണ.

(ബി) ഏകദേശം 8 ലക്ഷം രൂപ.

(സി) പ്രസ്തുത റോഡിന്റെ മധ്യഭാഗത്ത് റോഡിന് സമാന്തരമായി സ്ഥാപിച്ചിട്ടുള്ള പൈപ്പുകളിൽ നിന്നുള്ള ലീക്ക്, അവയുടെ മെയിന്റനൻസ്, റോഡ് സൈഡിലെ കുളം നികത്തി കെട്ടിടം നിർമ്മിച്ചതിനാൽ കുളത്തിലേക്ക് വരേണ്ട നീരുറവ കാരണം റോഡിന് ഏകദേശം 10 സെന്റീമീറ്റർ വരെ താഴ്ചയിൽ വെള്ളം കെട്ടുന്നത്, ഈ റോഡിൽ കൂടിയുള്ള വലിയ വാഹനങ്ങളുടെ സഞ്ചാരം എന്നിവമൂലമാണ് റോഡിന്റെ ഗുരുതരമായ തകർച്ചയും വൈകല്യവും ആവർത്തിക്കുന്നത്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly